"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട അപ്പോളോ ശ്രീപാദം കോളനിയിൽ പ്രത്യേക ഭവന പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/SCSTD തീയതി,തിരുവനന്തപുരം, 27-02-2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 20-02-2024 തീയതിയിലെ ഡെവ സി1/ 1275/2024 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽപ്പെട്ട അപ്പോളോ ശ്രീപാദം കോളനി 2013-14 സാമ്പത്തിക വർഷത്തിൽ സ്വയംപര്യാപ്ത ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തിയെങ്കിലും, ഭവന പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നില്ല. ടി കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ പരിഗണിച്ച് 117 വീടുകളുടെ പുനരുദ്ധാരണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രം മൂന്ന് ഫേസുകളിലായി ആകെ 2,95,82,452/- രൂപയുടെ (Rs.98,59,606/-, Rs.98,49,196/-, Rs. 98,73,650/- വീതം) എസ്റ്റിമേറ്റ് തയ്യാറാക്കി. പദ്ധതി അടങ്കൽ ഒരു കോടിക്ക് മുകളിലായതിനാൽ നിലവിലുള്ള മാനദണ്ഡപ്രകാരം ടി പദ്ധതി അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ ഒരു പ്രത്യേക പാക്കേജ് ആയി ഭവന നവീകരണം നടത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ ബോധ്യപ്പെട്ടതിനാലും, ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട അപ്പോളോ ശ്രീപാദം കോളനിയിൽ പ്രത്യേക ഭവനപാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുള്ള 2,95,82,452/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചും, ടി പദ്ധതി മൂന്ന് ഫേസുകളിലായി നടപ്പിലാക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

3) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക അംബേദ്കർ ഗ്രാമം പദ്ധതി ശീർഷകമായ 2225-01-283-85 (P) ൽ നിന്നും കണ്ടെത്താവുന്നതാണ്. ടി പദ്ധതി പ്രകാരം വീടൊന്നിന് അനുവദിക്കുന്ന തുക പരമാവധി 2,00,000 രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസർ (വകുപ്പ് ഡയറക്ടർ ഉൾപ്പടെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 27-02-2024 14:23:04

സെക്ഷൻ ഓഫീസർ